**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **16-03-2022 - ല്‍ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജന്‍** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയില്‍ ഗുണഭോക്താക്കളാകുന്നതിനുള്ള മാനദണ്ഡങ്ങള്‍ വിശദീകരിക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയില്‍ ഗുണഭോക്താക്കളാകുന്നതിനുള്ള മാനദണ്ഡങ്ങള്‍ ചുവടെ ചേര്‍ക്കുന്നു. (എ) ഭൂമിയുള്ള ഭവനരഹിതര്‍ 1) ഒരേ റേഷന്‍ കാര്‍ഡില്‍ ഉള്‍പ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്ര മായി പരിഗണിക്കേണ്ടതാണ്. 2022 ഫെബ്രുവരി 20-ന് മുമ്പ് റേഷന്‍ കാര്‍ഡ് ഉള്ള കുടുംബം, ആ റേഷന്‍ കാര്‍ഡില്‍ ഉള്‍പ്പെട്ട ഒരാള്‍ക്കുപോലും ഭവനം ഇല്ലാത്തവരും ആകണം (പട്ടികജാതി /പട്ടികവര്‍ഗ്ഗ / മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല). 2) സര്‍ക്കാര്‍/അര്‍ദ്ധസര്‍ക്കാര്‍/ പൊതുമേഖല സ്ഥാപനങ്ങളില്‍ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളില്‍ നിന്നും പെന്‍ഷന്‍ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 3) വാര്‍ഷിക വരുമാനം മൂന്ന് ലക്ഷത്തില്‍ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 4) ഗ്രാമപഞ്ചായത്തുകളില്‍ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/കോര്‍പ്പറേഷന്‍ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി, പട്ടികവര്‍ഗ്ഗം/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല) 5) ഉപജീവനത്തൊഴില്‍ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 6) അവകാശികള്‍ക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തില്‍ സ്വന്തംപേരില്‍ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താല്‍ ഭൂരഹിതരായവര്‍ ഒഴിവാക്കപ്പെടേണ്ടതാണ്. 7) ജീര്‍ണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാന്‍ പറ്റാത്തതുമായ ഭവനങ്ങള്‍ (മണ്‍ഭിത്തി/ കല്‍ഭിത്തി, ടാര്‍പ്പോളിന്‍, ഷീറ്റ്, തടി എന്നിവ കൊണ്ട് നിര്‍മ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ |

| | | | |
|---|---|---|---|
| | | | മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്. ബി) ഭൂരഹിത ഭവനരഹിതർ മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കണം. സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻകാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻകാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലും കൂടി 3 സെന്റിൽ കുറവ് ഭൂമിയുള്ളവർ. |
| (ബി) | പ്രളയ ദുരിതാശ്വാസം ലഭിച്ച കുടുംബങ്ങളെ ലൈഫ് ഭവന പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | ഇല്ല. സംസ്ഥാനത്ത് 2018-19 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകികൊണ്ട് 08.11.2021-ലെ സ.ഉ.(സാധാ)നം. 2225/2021/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടം ഉണ്ടായ ഭവനത്തിന് എസ്.ഡി.ആർ.എഫ്-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4 ലക്ഷം രൂപയും 60 മുതൽ 74 ശതമാനം വരെ നാശനഷ്ടം ഉണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) എസ്.ഡി.ആർ.എഫ്-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആകെ 2.5 ലക്ഷം രൂപ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട് നിർമ്മിതിയ്ക്കായി ബാക്കിവരുന്ന തുക 1.5 ലക്ഷം രൂപ വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ധനസഹായം നൽകേണ്ടതില്ലെന്നും എന്നാൽ 2018-19 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്-ൽ നിന്നോ മറ്റ് വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് ലൈഫ് |

| | | | |
|---|---|---|---|
| | | | നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ് എന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ